മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 മെയ് 16

# വാർത്താക്കുറിപ്പ്

---

## സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം ഇന്ന് (മെയ് 17)

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുള്ള സ്കിൽ അപ്ഗ്രഡേഷൻ പ്രോഗ്രാം ഇന്ന് (മെയ് 17) രാവിലെ 11 ന് ജോസ് കെ. മാണി എം.പി. നിർവ്വഹിക്കും. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് സെമിനാർ ഹാളിൽ നടക്കുന്ന ചടങ്ങിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് മേധാവി ഡോ. പി.റ്റി. ബാബുരാജ് അധ്യക്ഷത വഹിക്കും. ഫിനിഷിംഗ് സ്കൂളിന്റെ ഉദ്ഘാടനം സിൻഡിക്കേറ്റ് അംഗം ഡോ.പി.എസ്. സുകുമാരൻ നിർവ്വഹിക്കും. രജിസ്ട്രേഷനും വിശദിവിവരങ്ങൾക്കും 9895474642 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

(പി.ആർ.ഒ./39/596/2022)

## പരീക്ഷാ ഫീസ്

ആറാം സെമസ്റ്റർ ഐ.എം.സി.എ. (2018 അഡ്മിഷൻ - റെഗുലർ / 2017 അഡ്മിഷൻ - സപ്ലിമെന്ററി) / ഡി.ഡി.എം.സി.എ. (2014 മുതൽ 2016 വരെയുള്ള അഡ്മിഷനുകൾ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾ മെയ് 30 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 16 വരെയും, 525 രൂപ പിഴയോടു കൂടി മെയ് 17 നും 1050 രൂപ സൂപ്പർഫൈനോടു കൂടി മെയ് 18 നും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/597/2022)

ഒമ്പതാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ - റെഗുലർ) / ഡി.ഡി.എം.സി.എ. (2014, 2015, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി) ബിരുദ

പരീക്ഷകൾ മെയ് 31 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 18 വരെയും, 525 രൂപ പിഴയോട്ടു കൂടി മെയ് 20 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 21 നും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/598/2022)

മൂന്നാം സെമസ്റ്റർ എം.ആർക്ക് (2019 അഡ്മിഷൻ - റെഗുലർ) പരീക്ഷകൾ മെയ് 25 ന് ആരംഭിക്കും. പിഴയില്ലാതെ മെയ് 17 വരെയും, 525 രൂപ പിഴയോട്ടു കൂടി മെയ് 18 നും 1050 രൂപ സൂപ്പർഫൈനോട്ടു കൂടി മെയ് 19 നും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/599/2022)

## പരീക്ഷാ തീയതി

നാലാം സെമസ്റ്റർ സി.ബി.സി.എസ്. (2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്, 2018,2017 അഡ്മിഷനുകൾ - റീ-അപ്പിയറൻസ്), സൈബർ ഫോറൻസിക് (സി.ബി.സി.എസ്. - 2019 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് / റീ-അപ്പിയറൻസ്) പരീക്ഷകൾ മെയ് 23 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/600/2022)

രണ്ടാം സെമസ്റ്റർ എം.എസ്.സി./ എം.കോം./ എം.എ./ എം.സി.ജെ./ എം.എസ്.ഡബ്യൂ./ എം.ടി.എ./ എം.എച്ച്.എം./ എം.എം.എച്ച്./ എം.ടി.ടി.എം. (സി.എസ്.എസ്. - 2018, 2017, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി/ 2015, 2014, 2013, 2012 അഡ്മിഷനുകൾ - മേഴ്സി ചാൻസ്) പരീക്ഷകൾ മെയ് 25 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/601/2022)

## മാറ്റി വച്ച പരീക്ഷകൾ ജൂണിൽ

മെയ് 16, 18 തീയതികളിൽ നടത്താനിരുന്ന് പിന്നീട് മാറ്റി വച്ച ഒന്നാം സെമസ്റ്റർ ഐ.എം.സി.എ. (2020 അഡ്മിഷൻ - റെഗുലർ / 2017 മുതൽ 2019 വരെയുള്ള അഡ്മിഷൻ - സപ്ലിമെന്ററി) / ഡി.ഡി.എം.സി.എ. (2014, 2015, 2016 അഡ്മിഷനുകൾ - സപ്ലിമെന്ററി) ബിരുദ പരീക്ഷകൾ ജൂൺ ഒന്ന്, മൂന്ന് തീയതികളിൽ നടക്കും. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/602/2022)

## പരീക്ഷാഫലം

2021 മാർച്ചിൽ നടന്ന ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എ. മലയാളം (പ്രൈവറ്റ് പഠനം - റെഗുലർ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനക്കും യഥാക്രമം 370 രൂപ, 160 രൂപ നിരക്കിൽ ഫീസടച്ച് മെയ് 28 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ./39/603/2022)

പി. സി. സുരേഷ് കുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ